"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/192/2019/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29/06/2020

## സർക്കുലർ

വിഷയം:- മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാർഗരേഖ പ്രകാരം പ്രതിവർഷ സാമ്പത്തിക സഹായമായി 28,500 രൂപ നൽകുന്നത്- സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ)നം.80/2017തസ്വഭവ, തീയതി 03.04.2017
2. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 20/6/19 -ന് നടന്ന മീറ്റിംഗിന്റെ നടപടികുറിപ്പ്.

*********************

സൂചന (1) മാർഗ്ഗരേഖപ്രകാരം മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ് ആയി ഒരു വർഷം 28500/- രൂപ അതാത് പഞ്ചായത്തിൽ നിന്നും ലഭിക്കാൻ അർഹതയുണ്ട്. ഈ വിഷയത്തിലെ സൂചന (2) യോഗതീരുമാന പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അർഹതയുള്ള, മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അതാത് പഞ്ചായത്തുകൾ തുക മുഴുവനായും കൈമാറേണ്ടതും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫണ്ട് വകയിരുത്തി ടി പ്രോജെക്ട് നടപ്പിലാക്കുന്നുണ്ടോയെന്നു ശിശു വികസന പ്രൊജക്റ്റ് ഓഫീസർ (CDPO), ICDS സൂപ്പർവൈസർ എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്.
2. എല്ലാ പഞ്ചായത്തുകളും ടി പ്രവർത്തി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തേണ്ടതും ആവശ്യമായ ഫണ്ട് എല്ലാ വർഷവും ടി പദ്ധതിയിലേക്ക് മാറ്റിവെയ്ക്കപ്പെടുന്നുണ്ടോയെന്നും ചിലവഴിക്കപ്പെടുന്നുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.
3. ഈ തുക ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫറിലൂടെ ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്. അതിലേയ്ക്കായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ, സോഷ്യൽ സെക്യൂരിറ്റി മിഷൻ ശേഖരിച്ച തദ്ദേശ സ്വയംഭരണ വകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും അടിയന്തരമായി നൽകേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യനീതി (ഡി ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്.